ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

DATE: 15.03.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് അസമിൽ നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   Union Home Minister Amit Shah will launch several development projects in Assam today.

2. കാനഡയുടെ പുതിയ പ്രധാനമന്ത്രിയായി മാർക്ക് കാർണി സത്യപ്രതിജ്ഞ ചെയ്തു.

   Mark Carney has been sworn in as the new Prime Minister of Canada.

3. ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും ഭൂമിയിലേക്ക് എത്തിക്കാനുള്ള ദൗത്യം ആരംഭിച്ചു. സ്പേസ് എക്സ് ക്രൂ 10 വിക്ഷേപിച്ച് നാസ.

   NASA have launched Space X Crew 10 mission to bring back US astronauts Sunita Williams and Butch Wilmore from the International Space Station (ISS), where they have been stranded for nine months.

4. ലോക്സഭാ മണ്ഡല പുനർ നിർണ്ണയ വിഷയത്തിൽ അഭിപ്രായസമന്വയം വഴി തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   Chief Minister Pinarayi Vijayan said that the central government should take a decision on the issue of Lok Sabha constituency delimitation through consultation.

5. സുസ്ഥിര ജീവിതശൈലിയിലേക്കുള്ള പരിവർത്തനം എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം.

**Today is World Consumer Rights Day. Just Transition to Sustainable Lifestyles is the theme of the year**

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

**In the Women's Premier League Cricket, Mumbai Indians are set to lock horns in a title clash against Delhi Capitals in the finals today.**

****************************************

HEADLINE-1

## AMIT SHAH- ASSAM -MIZORAM

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് അസമിൽ നിരവധി വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. ഇന്ന് ഗോലാഘട്ട് ജില്ലയിൽ ലച്ചിത് ബർഫുകാൻ പോലീസ് അക്കാദമിയുടെ ഉദ്ഘാടനവും പോലീസ് അക്കാദമിയുടെ ഭവന പദ്ധതികൾക്കുള്ള തറക്കല്ലിടലും ശ്രീ ഷാ നിർവഹിക്കും. മുഖ്യമന്ത്രി ഹിമന്ത ബിസ്വ ശർമ്മ, കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് അദ്ദേഹം മിസോറാം സന്ദർശിക്കും. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപെട്ടു എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി നാളെ അദ്ദേഹം ഗുവാഹത്തിയിൽ കൂടിക്കാഴ്ച നടത്തും.

**********************************

## MAHA-PMSGY

പ്രധാൻമന്ത്രി സൂര്യ ഘർ യോജന പ്രകാരം ഒരു ലക്ഷത്തി 92,936 സൗരോർജ്ജ പദ്ധതികൾ സ്ഥാപിച്ചുകൊണ്ട് മഹാരാഷ്ട്ര രാജ്യത്ത് രണ്ടാം സ്ഥാനം നേടി. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് സമൂഹമാധ്യമത്തിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞ വർഷം ഫെബ്രുവരി 13 ന് ആരംഭിച്ച പദ്ധതിയിൽ ഈ വർഷം മാർച്ച് 10 വരെ രാജ്യത്തുടനീളം ആകെ പത്ത് ലക്ഷത്തി 9,000 സൗരോർജ്ജ സംവിധാനമാണ് സ്ഥാപിച്ചത്. 2026-27 ഓടെ ഒരു കോടി കുടുംബങ്ങളിൽ പദ്ധതി നടപ്പിലാക്കുകയാണ് ലക്ഷ്യം.

**********************************

## PIYUSH GOYAL - EXPORTS

കയറ്റുമതി മേഖലയിൽ ഇന്ത്യ ഈ വർഷം 800 ബില്ല്യൺ ഡോളർ മറികടക്കുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ. സേവന മേഖലയാണ് ഇതിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്നതെന്ന് കയറ്റുമതി പ്രോത്സാഹന കൗൺസിൽ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ യോഗത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു. കയറ്റുമതി മേഖലയിൽ പ്രകടമാകുന്ന അനുകൂല അന്തരീക്ഷത്തെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

**********************************

## FOREX RESERVES

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 1,500 കോടി ഡോളർ ഉയർന്ന് 653.96 ബില്യൺ ഡോളറിലെത്തി. റിസർവ് ബാങ്ക് പുറത്തിറക്കിയ പ്രതിവാര കണക്കനുസരിച്ചാണിത്. കരുതൽ ശേഖരത്തിന്റെ പ്രധാന ഘടകമായ വിദേശ കറൻസി ആസ്തികളിൽ 13.93

ബില്യൺ ഡോളർ  വർധനയുണ്ട്. സ്വർണ്ണ ശേഖരവും 7,400 കോടി ഡോളർ കടന്നു.

*********************************

## ISRO-REVENUE

ഉപഗ്രഹ വിക്ഷേപണങ്ങളിലൂടെ ISRO നേടിയത് ഏകദേശം 143 ദശലക്ഷം യുഎസ് ഡോളർ വിദേശനാണ്യ വരുമാനം. കഴിഞ്ഞ ദശകത്തിൽ ISRO വാണിജ്യാടിസ്ഥാനത്തിൽ ആകെ 393 വിദേശ ഉപഗ്രഹങ്ങളും 3 ഇന്ത്യൻ ഉപഭോക്തൃ ഉപഗ്രഹങ്ങളും വിക്ഷേപിച്ചതായി ബഹിരാകാശ വകുപ്പ് അറിയിച്ചു. അമേരിക്ക, യു.കെ, സിംഗപ്പൂർ, ഉൾപ്പടെ 34 രാജ്യങ്ങൾക്കായുള്ള ഉപഗ്രഹങ്ങൾ വിക്ഷേപിച്ചതും ISRO യുടെ ശ്രദ്ധേയമായ റെക്കോർഡിൽ ഉൾപ്പെടുന്നു.

*********************************

## ASHWINI VAISHNAV - TAMIL NADU VISIT

കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഒരു ദിവസത്തെ തമിഴ്നാട് സന്ദർശനത്തിനായി ഇന്ന് രാവിലെ ചെന്നൈയിലെത്തും. തിരുവള്ളൂരിൽ സെറ്റ്‌വർക്ക് ഇലക്ട്രോണിക്സിന്റെ പുതിയ കാമ്പസ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഐഐടിയുടെ തായൂർ കാമ്പസിലെ ഹൈപ്പർലൂപ്പ് പോഡും ശ്രീ വൈഷ്ണവ് സന്ദർശിക്കും.

*********************************

HEADLINE-2

## MORN. CANADA-PM (INTRO)

കാനഡയുടെ പുതിയ പ്രധാനമന്ത്രിയായി മാർക്ക് കാർണി സത്യപ്രതിജ്ഞ ചെയ്തു. ഒട്ടാവയിൽ നടന്ന ചടങ്ങിൽ കാനഡയുടെ രാഷ്ട്രത്തലവനായ ചാൾസ്

രാജാവിന്റെ പ്രതിനിധി ഗവർണർ ജനറൽ മേരി സൈമൺ പങ്കെടുത്തു. ഒമ്പത് വർഷമായി അധികാരത്തിലിരുന്ന ജസ്റ്റിൻ ട്രൂഡോയ്ക്ക് പകരക്കാരനായാണ് കാർണി എത്തുന്നത്. കനേഡിയൻ സെൻട്രൽ ബാങ്ക് മുൻ ഗവർണറായിരുന്നു കാർണി. 11 വനിതകൾ ഉൾപ്പെടെയുള്ള 24 അംഗ മന്ത്രിസഭയും സത്യപ്രതിജ്ഞ ചെയ്തു. പ്രധാനമന്ത്രിയായി കാനഡയെ സേവിക്കാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുന്നെന്ന് പറഞ്ഞ കാർണി തങ്ങൾ അമേരിക്കയുടെ ഭാഗമാകില്ലെന്ന് വ്യക്തമാക്കി.

(വോയിസ്)

*********************************

HEADLINE-3

## SPACEX-SUNITA WILLIAMS

ഒമ്പത് മാസമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന യുഎസ് ബഹിരാകാശയാത്രികരായ സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും തിരികെ ഭൂമിയിലേക്ക് എത്തിക്കാനുള്ള ദൗത്യം ആരംഭിച്ചു. സ്പേസ് എക്സും നാസയും സംയുക്തമായാണ് ദൗത്യം നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി സ്പേസ് എക്സ് ക്രൂ 10 വിക്ഷേപിച്ചു. ഇന്നു പുലർച്ചെ ഇന്ത്യൻ സമയം 4.33 ന് ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം. നാല് ബഹിരാകാശ സഞ്ചാരികളാണ് ക്രൂ ടെൻ ദൗത്യത്തിലുള്ളത്. ഞായറാഴ്ച രാത്രി ഒൻപതിന് ക്രൂ–10 അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്യും.

*********************************

HEADLINE-4

## KERALA – DELIMITATION

ലോക്സഭാ മണ്ഡല പുനർ നിർണ്ണയ വിഷയത്തിൽ അഭിപ്രായസമന്വയം വഴി തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഒരു സംസ്ഥാനത്തിന്റെയും സീറ്റുകളുടെ നിലവിലുള്ള ആനുപാതിക വിഹിതത്തിൽ കുറവ് വരാതെ വേണം പുനർ നിർണയം നടത്തേണ്ടതെന്ന് അദ്ദേഹം പുറത്തിറക്കിയ പ്രസ്താവനയിൽ വ്യക്തമാക്കി. അതേസമയം കേന്ദ്ര സർക്കാർ നീക്കങ്ങൾക്കെതിരെ ചെന്നൈയിൽ ഈ മാസം 22-ന് ചേരുന്ന ഐക്യദാർഢ്യ സമ്മേളനത്തിലേക്ക് കേരള മുഖ്യമന്ത്രി പിണറായി വിജയനെ തമിഴ്നാട് സർക്കാർ ക്ഷണിച്ചു. തമിഴ്നാട് ഐ.ടി മന്ത്രി പളനിവേൽ ത്യാഗരാജൻ, തമിഴച്ചി തങ്ക പാണ്ഡ്യൻ എം പി എന്നിവർ നേരിട്ട് എത്തിയാണ് മുഖ്യമന്ത്രിയെ ക്ഷണിച്ചത്.

*********************************

## SNEHITHA EXTENSION CENTER (INTRO)

സംസ്ഥാനത്തെ ഡിവൈ.എസ്.പി, എ.സി.പി ഓഫിസുകളുടെ പരിധിയിൽ വരുന്ന പൊലീസ് സ്റ്റേഷനുകളിൽ എത്തുന്നവരിൽ ആവശ്യമുള്ളവർക്ക് കൗൺസിലർമാരെ ചുമതലപ്പെടുത്തി മാനസിക പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നു. സംസ്ഥാനതല ഉദ്ഘാടനം ഇന്ന് പാലക്കാട്ട് മന്ത്രി എം.ബി രാജേഷ് നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

*********************************

HEADLINE-5

## CONSUMER RIGHTS DAY

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. ഉപഭോക്താക്കളുടെ അവകാശങ്ങളും സംരക്ഷണവും ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകതയെ ഓർമ്മപ്പെടുത്തി എല്ലാ വർഷവും മാർച്ച് 15 ന് ഉപഭോക്തൃ അവകാശ ദിനം ആഘോഷിക്കുന്നു. സുസ്ഥിര ജീവിതശൈലിയിലേക്കുള്ള പരിവർത്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം.

*********************************

HEADLINE-6

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. തുടർച്ചയായ മൂന്നാം ഫൈനലിനാണ് ഡൽഹി കളിക്കളത്തിൽ ഇറങ്ങുന്നത്. രണ്ടാം കിരീട നേട്ടമാണ് ഹർമൻ പ്രീത് കൗർ നേതൃത്വം നൽകുന്ന മുംബൈ ഇന്ത്യൻസിന്റെ ലക്ഷ്യം.

*********************************

## DENMARK-GREENLAND-US

ഗ്രീൻലാൻഡ് അമേരിക്കയുടെ ഭാഗമാകുമെന്ന അഭ്യൂഹങ്ങൾ തള്ളി ഡാനിഷ് വിദേശകാര്യ മന്ത്രി. ദ്വീപ് പിടിച്ചെടുക്കാനുള്ള സാധ്യതയെക്കുറിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നടത്തിയ

പരാമർശത്തിനു മറുപടിയായാണ് വിദേശകാര്യമന്ത്രിയുടെ പരാമർശം. ഡെൻമാർക്കിന്റെ സ്വയംഭരണ പ്രദേശമായ ഗ്രീൻലാൻഡിൽ സമീപകാലത്ത് നടന്ന തിരഞ്ഞെടുപ്പ് അമേരിക്കയുടെ ഭാഗമാകുന്നതിന്റെ സൂചനയല്ലെന്നും ഡാനിഷ് വിദേശകാര്യ മന്ത്രി വ്യക്തമാക്കി.

**********************************

## TRUMP-PUTIN

റഷ്യ- യുക്രെയിൻ യുദ്ധം അവസാനിക്കാൻ സാധ്യതയുണ്ടെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുതിനുമായി ഇന്നലെ വിശദമായ ചർച്ചകൾ നടത്തിയതിന് ശേഷമാണ് ട്രംപിന്റെ ഈ പ്രസ്താവന. വെടിനിർത്തൽ സംബന്ധിച്ച് യുഎസ് പ്രതിനിധി സ്റ്റീവ് വിറ്റ് കോഫ് ഇന്നലെ മോസ്കോയിൽ റഷ്യൻ പ്രസിഡൻറുമായി ചർച്ച നടത്തിയിരുന്നു.

**********************************

## PUTIN -UKRAINE CEASEFIRE

റഷ്യ - യുക്രൈൻ വിഷയത്തിലെ നിരന്തര ഇടപെടലിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുൾപ്പെടെയുള്ള ലോക നേതാക്കൾക്ക് നന്ദി അറിയിച്ച് റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിൻ. ബെലാറസ് പ്രസിഡന്റ് അലക്സാണ്ടർ ലുകാഷെങ്കോയുമായുള്ള സംയുക്ത പത്ര സമ്മേളനത്തിലാണ് പുടിൻ സമാധാനം പുനഃസ്ഥാപിക്കാനുള്ള ലോക നേതാക്കളുടെ ശ്രമങ്ങളെ പ്രശംസിച്ചത്. അതേസമയം റഷ്യ-യുക്രെൻ സംഘർഷത്തിൽ ഇന്ത്യയുടേത് നിഷ്പക്ഷ നിലപാടല്ലെന്നും, ഇന്ത്യ സമാധാനത്തോടൊപ്പമാണെന്നും കഴിഞ്ഞമാസം

യു.എസ്. പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു.

**********************************

## KERALA – HEAT

കേരളത്തിൽ കനത്ത ചൂട് കൂടുന്നു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും മുന്നറിയിപ്പുണ്ട്. കടുത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇന്ന് പാലക്കാട്, തൃശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

**********************************

## SABARIMALA

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട തുറന്നു. സന്നിധാനതെ മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതിയുടെ ട്രയൽ റൺ ആരംഭിച്ചു. കൊടിമരത്തിന്റെ ഇരുവശം വഴി രണ്ടു വരികളായി ഭക്തർക്ക് ശ്രീ കോവിലിന് മുന്നിലേക്ക് പോകാൻ കഴിയും വിധമാണ് പുതിയ രീതി. ദർശനസമയം 20 മുതൽ 30 സെക്കന്റുവരെ കൂടുതലായി ലഭിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത.

*

******************

************************************************